# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.925** 02.12.2015 ൽ മറുപടിയ്ക്ക്

## ഭൂജല പരിപോഷണം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വർക്കല കഹാർ<br>,, വി.റ്റി.ബൽറാം<br>,, എ.റ്റി.ജോർജ്ജ്<br>" കെ.എസ്.ശബരീനാഥൻ | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ഭൂജല പരിപോഷണം ജനകീയമാക്കാൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്തെ ഭൂജല വകുപ്പ്, ഭൂജല സംരക്ഷണവും, കൃത്രിമ ഭൂജല സംപോഷണവും എന്ന പദ്ധതി നടപ്പാക്കി വരുന്നുണ്ട്. |
| (ബി) പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ; | (ബി) സംസ്ഥാനത്തെ ജലനിരപ്പ് താഴ്ന്ന പ്രദേശങ്ങളിൽ ഭൂജല നിരപ്പ് ഉയർത്താനായി അനുയോജ്യമായ സ്ഥലങ്ങളിൽ അടിയണകൾ, തടയണകൾ, മഴക്കുഴികൾ ഇറന്ന കിണർ വഴിയുള്ള ഭൂജല സംപോഷണം തുടങ്ങിയവ നിർമ്മിക്കുക യാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ. |
| (സി) പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും എന്ന പദ്ധതി ഭൂജല നിരപ്പ് ഉയർത്തുന്നതിനായി മഴവെള്ളം മണ്ണിലേയ്ക്ക് ആഴ്ന്നിറങ്ങുന്നതിനായി തടയണകൾ, അടിയണകൾ, മഴക്കുഴികൾ ഇറന്ന കിണർ വഴിയുള്ള ഭൂജല സംപോഷണ പദ്ധതികൾ എന്നിവയും നടപ്പിലാക്കി വരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം 80 റീചാർജ്ജ് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 40 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്.<br><br>കേന്ദ്രസർക്കാരിന്റെ ജലവിഭവ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ഹമാര |

ജൽ- ഹമാര ജീവൻ എന്ന പദ്ധതിയിൻ കീഴിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഭൂജല വിനിയോഗം സംബന്ധിച്ച ഏകദിന ശില്പശാലകൾ സംഘടിപ്പിക്കുകയും ഓരോ ജില്ലകളിൽനിന്നും ജലക്ഷാമമുള്ള രണ്ട് വില്ലേജുകൾ. സമഗ്രമായ ഭൂജല വികസനത്തിനായി തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. ഈ വില്ലേജുകളിൽ ജനകീയ പങ്കാളിത്തത്തോടെ ഫലപ്രദമായ ഭൂജല സംപോഷണ മാർഗ്ഗങ്ങൾ അവലംബിച്ച് സ്ഥിരമായ ഭൂജല മാനേജ്മെന്റ് നടപ്പാക്കുകയാണ് ഇതിന്റെ ലക്ഷ്യം. ഇതിനുവേണ്ടി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

ഭൂജല വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഭൂജല സംപോഷണ പദ്ധതിക്കായി നടപ്പുവർഷം 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ